# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 404 — 28.10.2019-ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണം

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ**

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ മ്യൂസിയങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി.<br><br>തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഗുഹാക്ഷേത്രം, മാന്നാർ തൃക്കുരുട്ടി മഹാദേവർ ക്ഷേത്രം, ഇടുക്കിയിലെ മുനിയറകൾ, മാളയിലെ യഹൂദസ്മാരകങ്ങൾ, മാനാഞ്ചിറ ശ്രീ ഭദ്രകാളിക്ഷേത്രം, വാഴവേലിൽ തറവാട് വീട്, കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ജയിൽ എന്നിവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചു.<br><br>മറുനാടൻ മലയാളികളിൽ പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2017 ഒക്ടോബറിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട കേരളാ-ഡൽഹി സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാർ, കുട്ടികൾക്കായി വിവിധ ചരിത്ര - പൈതൃക ബോധവൽക്കരണ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.<br><br>കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ട്രാൻസിറ്റ് ജയിൽ, പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവർത്തികൾ പൂർത്തിയാക്കി പൊതു ജനങ്ങൾക്ക് തുറന്നുകൊടുത്തു.<br><br>പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുര, പാൽപ്പുര മാളിക, ക്ലോക്ക് ടവർ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തുകയുണ്ടായി.<br><br>പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരത്തെ നിയമസഭാ മ്യൂസിയത്തിന്റേയും പ്രവേശന കവാടത്തിന്റേയും കാവൽ ഗോപുരത്തിന്റേയും സംരക്ഷണ പ്രവർത്തികൾ പൂർത്തിയാക്കി.<br><br>മലബാർ മേഖലയുടെ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിക്കുകയുണ്ടായി |

| | | | |
|---|---|---|---|
| | | | നവീന മാതൃകയിലുള്ള മ്യൂസിയം സജ്ജീകരണത്തിനും സംരക്ഷണ പ്രവർത്തനങ്ങൾക്കും ശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കോയിക്കൽ കൊട്ടാര മ്യൂസിയം പൊതുജനങ്ങൾക്കായി 2018 ജൂണിൽ തുറന്നുകൊടുത്തു.<br><br>യുനെസ്കോയുടെ ലോക പൈതൃക പട്ടികയുടെ സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള തക്കല പത്മനാഭപുരം കൊട്ടാരത്തിനായി വെബ് സൈറ്റ് തയ്യാറാക്കുകയും വകുപ്പിനായി You Tube Channel Launch ചെയ്യുകയും ഉണ്ടായി.<br><br>ഉത്തര മലബാറിലെ വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിനുള്ള പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം കോട്ടയ്ക്കകത്തെ പൈതൃക സ്മാരകങ്ങളെ/പ്രദേശങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ദൃശ്യ ശ്രാവ്യ സഹായി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.<br><br>നേപ്പിയർ മ്യൂസിയം വളപ്പിലെ പഴയ ബാന്റ് സ്റ്റാന്റ് പുരാവസ്തു വകുപ്പ് ഘടനാപരമായ സംരക്ഷണത്തിന് വിധേയമാക്കുകയുണ്ടായി.<br><br>തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയത്തിന്റെ നവീകരണത്തിനും സംരക്ഷണത്തിനായും സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും, ഈ വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണവും, കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനവും അന്തർദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.<br><br>തിരുവനന്തപുരം നാച്ചറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ സമ്പൂർണ്ണ നവീകരണവും, സംരക്ഷണവും ലക്ഷ്യമാക്കി അന്തർദേശീയ നിലവാരത്തിലുള്ള നവീകരണ പ്രവൃത്തികൾ നടന്നു വരുന്നു. പ്രധാനമായും ഭൂമുഖത്ത് ജീവിച്ചിരുന്നതും, വംശനാശം നേരിട്ടതുമായ ജൈവ ഭൂമി ശാസ്ത്രപരമായി വേർതിരിച്ചിട്ടുള്ള ഡയനോസറുകൾ, ചരിത്രാതീത കാലം മുതൽ സമീപ കാലയളവു വരെ ജീവിച്ചിരുന്ന വംശനാശം പൂർണ്ണമായി സംഭവിച്ച നിരവധി ജീവികളുടെ ത്രിമാന രൂപങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ഒരിടം നിർമ്മിക്കൽ, വംശനാശം നേരിട്ടതും, അല്ലാത്തതുമായ അപൂർവ്വയിനം പക്ഷികളുടെ സ്പെസിമെനുകൾ സൂക്ഷിക്കുന്ന ഗ്യാലറിക്ക് പുതുജീവൻ നൽകിക്കൊണ്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള അത്യാധുനിക രീതിയിൽ തീർത്ത സ്പെസിമെൻ ബേർഡ്സ് ഗ്യാലറിയുടെ നിർമ്മാണം, കൂടാതെ പുതിയ ഫ്ലോറിംഗ്, ഫാൾസ് സീലിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ, ശീതീകരണ സംവിധാനം, അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, |

ഇൻട്രാക്ടീവ് മ്യൂസിയം പോളിസിയുടെ ഭാഗമായുള്ള ടച്ച് സ്ക്രീനുകൾ, ഇൻഫർമേഷൻ പാനലുകൾ, കൂടാതെ സ്പെസിമെനുകൾ സൂക്ഷിക്കുന്നതിനും, പഠനാവശ്യത്തിനുമായുള്ള റെപോസിറ്ററിയുടെ സജ്ജീകരണം എന്നിവയാണ്.

തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറി കെട്ടിടത്തിൽ ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെയും, പ്രശസ്ത റഷ്യൻ ചിത്രകാരനായ നിക്കോളാസ് റോറിച്ച്, സ്വറ്റ സ്ലോവിക് റോറിച്ച് എന്നിവരുടെയും മറ്റ് പ്രമുഖ ചിത്രകാരന്മാരുടെയും പെയിന്റിങ്ങുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ടി ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുള്ളതും, പ്രദർശിപ്പിക്കാൻ കഴിയാതെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതുമായ 224 എണ്ണം പെയിന്റിങ്ങുകൾ കൺസർവേഷൻ നടത്തുന്നതിന് 1,41,77,020/- രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ സാങ്കേതിക ഉപദേശത്തിനായി സർക്കാർ തലത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട ഒരു മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികളും സ്വീകിരിച്ചു കഴിഞ്ഞു. കൂടാതെ വളരെ നാളായുള്ള ചിത്രകാരന്മാരുടെയും, സാംസ്കാരിക നായകരുടെയും ആവശ്യപ്രകാരം സർക്കാർ ഈ ഗ്യാലറിക്കായി പുതിയ ഒരു കെട്ടിടം സാക്ഷാത്കരിക്കുന്നതിന് കെ.എസ്.ഇ.ബി മുഖേന ജി.എഫ്.ആർ.എ നൂതന ടെക്നോളജിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയത്തിന്റെ സമ്പൂർണമായ നവീകരണം നടത്തുകയും ടി മ്യൂസിയം കെട്ടിടത്തിന്റെ തനിമയും, പൈതൃകവും നിലനിർത്തിക്കൊണ്ട് ഗ്യാലറിയുടെയും, ഷോക്കേസുകളുടെയും, മേൽക്കൂരയുടെയും, സംരക്ഷിത പ്രവർത്തനങ്ങളും, പെയിന്റിംഗ് ആധുനിക വത്ക്കരണവും നടത്തി.

കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണം കണക്കിലെടുത്ത് ബലപ്പെടുത്തൽ, പെയിന്റിംഗ്, ഗ്യാലറിയുടെ നവീകരണം, മേൽക്കൂരയുടെ തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ടുള്ള നവീകരണങ്ങൾ എന്നിവ നടത്തി.

വയനാട് കുങ്കിച്ചിറ പൈതൃക മ്യൂസിയത്തിന്റെ ഒന്നാംഘട്ടമായി മ്യൂസിയം കെട്ടിടം കേരളത്തിന്റെ പൈതൃകവും, തനതു ശൈലിയിലും നിർമ്മിച്ചു. രണ്ടാം ഘട്ടമായി പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | എത്ര രൂപയാണ് ഇതിനു വേണ്ടി ചെലവഴിച്ചത്; വിശദമാക്കാമോ? | (ബി) | ടി കാലയളവിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള പുരാവസ്തുക്കളുടെയും, സ്മാരക ങ്ങളുടെയും, മ്യൂസിയ ങ്ങളുടെയും മറ്റും സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്.<br>2016-2017 - 2,34,06,988/-<br>2017-18 - 6,52,71,068/-<br>2018-19 - 6,67,29,356/-<br>2019 മുതൽ നാളിതുവരെ - 4,37,66,695/-<br>**ആകെ - 19,91,74,107/-**<br>ഇത് കൂടാതെ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 2016 മെയ് മാസം മുതൽ നാളിതുവരെ 9,18,93,991/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>മ്യൂസിയങ്ങളുടെ സംരക്ഷണത്തിനും ആധുനികവത്ക്കരണത്തിനുമായി 13,20,65,989/- രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിനായി നാളിതുവരെ 6,62,13,650/- രൂപ ചെലവഴിച്ചു.<br>2. വയനാട് കുങ്കിച്ചിറ പൈതൃക മ്യൂസിയത്തിനായി നാളിതുവരെ 6,07,04,147/- രൂപ ചെലവഴിച്ചു.<br>3. കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണത്തിനായി 21,48,192/- രൂപ ചെലവഴിച്ചു.<br>4. തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം നവീകരിക്കുന്നതിന് 30,00,000/- രൂപ ചെലവഴിച്ചു. |

**സെക്ഷൻ ഓഫീസർ**